**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1145** **20.01.2014-ൽ മറുപടിക്ക്**

**"അദ്ധ്യാപികമാരുടെ ശമ്പളം നൽകാൻ നടപടി"**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) കായംകുളം എ.ഇ.ഒ-യുടെ കീഴിൽ വരുന്ന ചാരുംമൂട് സെന്റ് മേരീസ് എൽ.പി.എസ്സ്-ലെ അദ്ധ്യാപിക ശ്രീമതി.മിനി ജോസഫിന്റെ ശമ്പളം കഴിഞ്ഞ ആറ് മാസക്കാലമായി നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ:<br>(ബി) അടൂർ എ.ഇ.ഒ യുടെ കീഴിൽ വരുന്ന കുറുമ്പകര സെന്റ് ബ്രൊക്കാർഡ്സ് എൽ.പി.എസ്സ്-ലെ ശ്രീമതി.കെ.സി. കുഞ്ഞമ്മയുടെ ശമ്പളവും കഴിഞ്ഞ ആറ് മാസമായി നൽകാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ: | (എ) & (ബി) കാതലിക് സ്കൂൾസ് മാനേജർ ചാരുംമൂട് സെന്റ് മേരീസ് എൽ.പി.സ്കൂളിലെ എൽ.പി.എസ്.എ ആയ ശ്രീമതി.കെ.സി.കുഞ്ഞമ്മയേയും, കുറമ്പക്കര സെന്റ് ബ്രൊക്കാർഡ്സ് എൽ.പി.സ്കൂളിലെ എൽ.പി.എസ്.എ ശ്രീമതി.മിനി ജോസഫിനേയും പരസ്പരം സ്ഥലം മാറ്റി നിയമിച്ചു. 21.02.2012-ലെ നം.5988/ജെ2/12/പൊ.വി സർക്കുലർ പ്രകാരം ഒരേ മാനേജ്മെന്റിന് കീഴിലുള്ള വിവിധ അൺ-ഇക്കണോമിക് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ പരസ്പര സ്ഥലംമാറ്റമാണ് അനുവദനീയമായിട്ടുള്ളത്. ആയതിനാൽ ഇക്കണോമിക് സ്കൂളായ ചാരുംമൂട് സെന്റ് മേരീസ് എൽ.പി.സ്കൂളിൽ നിന്നും അൺ-ഇക്കണോമിക് സ്കൂളായ കുറുമ്പക്കര സെന്റ് ബ്രൊക്കാർഡ്സ് എൽ.പി. സ്കൂളിലേയ്ക്കും തിരിച്ചുമുള്ള സ്ഥലംമാറ്റം സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു. പ്രസ്തുത സ്ഥലംമാറ്റങ്ങൾ അംഗീകരിക്കാത്തതിനാലാണ് ശമ്പളം മാറി നൽകാൻ കഴിയാത്തത്. |

| | |
|---|---|
| (സി) എല്ലാ അദ്ധ്യാപകർക്കും യാതൊരു തടസ്സവും കൂടാതെ ശമ്പളം നൽകാൻ തീരുമാനിച്ച ഈ സർക്കാരിന്റെ കാലത്താണ് ഇത്തരത്തിൽ ശമ്പളം നൽകാതിരിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) പ്രസ്തുത അദ്ധ്യാപകരുടെ ശമ്പളം നൽകുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br>(ഇ) സർക്കാർ നയങ്ങൾക്ക് വിരുദ്ധമായി അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാതെ ബുദ്ധിമുട്ടുന്ന ഇത്തരം സംഭവങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br>(എഫ്) പ്രസ്തുത അദ്ധ്യാപകരുടെ ശമ്പളം എന്നത്തേയ്ക്ക് മാറി നൽകുമെന്ന് വ്യക്തമാക്കുമോ? | (സി), (ഡി), (ഇ) & (എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചട്ടവിരുദ്ധമായ സ്ഥലംമാറ്റമായതിനാൽ ആയത് തിരികെ ക്രമീകരിക്കുന്ന മുറയ്ക്ക് മാത്രമേ ശമ്പളം നൽകാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ